**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4816** **02-07-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യം നിലവിലുണ്ടോയെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലകളിൽ ചില പ്രദേശങ്ങളിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ മേഖലയുടെ പിന്നോക്കാവസ്ഥ മുതലെടുത്ത് ലഹരി സംഘങ്ങൾ ആദിവാസികളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | 2020ന് ശേഷം സംസ്ഥാനത്താകെ ലഹരിക്ക് അടിമപ്പെട്ട് ചികിത്സ തേടുകയും മരണപ്പെടുകയും ചെയ്തിട്ടുള്ള ആദിവാസി വിഭാഗക്കാരുടെ എണ്ണം അറിയിക്കുമോ; | (സി) | ലഹരിക്ക് അടിമപ്പെട്ട് ചികിത്സ തേടുകയും മരണപ്പെടുകയും ചെയ്തിട്ടുള്ള പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ക്രോഡീകരിച്ചു വരുന്നു. വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | ആദിവാസി മേഖലയിൽ ലഹരി ലഭ്യത ഇല്ലാതാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ? | (ഡി) | പട്ടികവർഗ്ഗ മേഖലകളിൽ ലഹരി ലഭ്യത ഇല്ലാതാക്കുന്നതിനായി എക്സൈസ്, പോലീസ്, വനം എന്നീ വകുപ്പുകൾ പ്രസ്തുത മേഖലകളിൽ കൃത്യമായ പരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>ആരോഗ്യം, തദ്ദേശ സ്വയംഭരണം, എക്സൈസ്, പോലീസ്, വനം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി കൃത്യമായ ഇടവേളകളിൽ ലഹരി ഉപയോഗത്തിന് എതിരെയുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ പട്ടികവർഗ്ഗക്കാർക്ക് നൽകി വരുന്നുണ്ട്. ഇതു കൂടാതെ ഊരുകൂട്ടങ്ങൾ ചേരുമ്പോഴും ഇതു സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ വകുപ്പിൽ നിയമിച്ചിട്ടുള്ള പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയും ബോധവത്ക്കരണം നൽകി വരുന്നുണ്ട്. സ്കൂളുകളിൽ വിമുക്തി യുടെ പ്രവർത്തനങ്ങൾ ഇത്തരത്തിൽ അവബോധം നൽകാൻ സഹായകമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ